സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം

ഡി.എ.നമ്പർ. 567 /23/ഇ4

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തീയതി: 14.08.2023

## സർക്കുലർ

വിഷയം: പെൻഷൻ/ ഫാമിലി പെൻഷൻ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങുന്നത് സംബന്ധിച്ച്.

സൂചന: DB Roc.7614/21/Pen dated 17.11.2021

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റി വരുന്ന എല്ലാവരും 20.09.2023-ന് മുൻപായി ലൈഫ് സർട്ടിഫിക്കറ്റ് ധനലക്ഷ്മി ബാങ്കിന്റെ ബന്ധപ്പെട്ട ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. ടി തീയതിക്ക് മുൻപായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമേ ഒക്ടോബർ മാസം മുതലുള്ള പെൻഷൻ/ഫാമിലി പെൻഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വിവരം എല്ലാ പെൻഷൻ-കാരെയും/ഫാമിലി പെൻഷൻകാരെയും അറിയിക്കുന്നു.

കുടുംബപെൻഷൻ വാങ്ങുന്ന അറുപത് (60) വയസിന് താഴെ പ്രായമുള്ള ജീവിത പങ്കാളിയും അവിവാഹിതരായ പെൺമക്കളും പതിനെട്ടിനും (18) ഇരുപത്തിയഞ്ച് (25) വയസ്സിനുമിടയിൽ പ്രായമുള്ള മക്കളും വിവാഹം/പുനർവിവാഹം കഴിച്ചിട്ടില്ലായെ-ന്നുള്ള “നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്, അൺ എംപ്ലോയിമെന്റ് സർട്ടിഫിക്കറ്റ്” തുടങ്ങിയവ ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും വാങ്ങി ലൈഫ് സർട്ടിഫിക്ക-റ്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖ കത്ത് സഹിതം)
2. മാനേജർ, ധനലക്ഷ്മി ബാങ്ക് നന്തൻകോട് ബ്രാഞ്ച്.
3. ഐ.റ്റി ഡിവിഷൻ.
4. പബ്ലിക് റിലേഷൻ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (വാർത്താകുറിപ്പ് പ്രസിദ്ധീകരിക്കുന്നതിന്)
5. സെക്ഷൻ ഫയൽ.
6. ഫെയർ കോപ്പി.